(എച്ച്) ജീവൻരക്ഷാപഥക് അവാർഡിനും മറ്റും പരിശോധിക്കപ്പെടണമെങ്കിൽ സംഭവം നടന്ന് മൂന്നുമാസത്തിൽ ഇതു സംബന്ധിച്ച ശുപാർശ കേന്ദ്ര ഗവൺമെന്റിന് ലഭിച്ചിരിക്കണം. എന്നാൽ ഈ നിബന്ധനകൊണ്ടുമാത്രം ആർക്കെങ്കിലും അവാർഡ് ലഭിക്കാതിരുന്നതായി അറിവായിട്ടില്ല.

വീരമൃത്യു പ്രാപിച്ച അജികുമാറിന്റെ ആശ്രിതർക്ക് ജോലി നൽകുന്നതിന് നടപടി

58(799)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജമ്മു കാശ്മീരിലെ ദോടയിൽ പാക്കിസ്ഥാൻ തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിൽ 15-2-1999 ൽ വീരമൃത്യു പ്രാപിച്ച കെ. അജികുമാറിന്റെ അച്ഛൻ എൻ. കൃഷ്ണൻ നായർ, പനയറ. വട്ടത്തുവീട്, കാരിക്കോണത്ത്, ചാങ്ങ, വെള്ളനാട് നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീരമൃത്യു വരിച്ച മകന്റെ ആശ്രിത എന്ന നിലയിൽ കെ. അനിതാകുമാരിക്ക് അനുയോജ്യമായ ഒരു ജോലി നൽകുന്നതു സംബന്ധിച്ച് സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) യുദ്ധ മേഖലയിൽ വെച്ചു കൊല്ലപ്പെടുകയോ മരണമടയുകയോ ചെയ്യുന്ന പ്രതിരോധസേനയിലെ സൈനികരുടെ ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം അജികുമാറിന്റെ ആശ്രിതർക്ക് ജോലി നൽകുന്ന കാര്യം ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

കണ്ണൂരിലെ ആയുധശേഖരം

59 (800)ശ്രീ. കെ. സുധാകരൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി രാധാ രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ ആയുധം കണ്ടെത്തുന്നതിന് എത്ര പോലീസ് ആഫീസർമാരേയും കോൺസ്റ്റബിൾമാരേയും മറ്റു ജീവനക്കാരെയും നിയോഗിച്ചു;

(ബി) ഇവർ ആയുധം കണ്ടെത്താൻ എത്ര ദിവസം തിരച്ചിൽ നടത്തി;

(സി) ഇവർക്കുവേണ്ടി ഒട്ടാകെ എന്തു ചെലവുണ്ടായി;

(ഡി) ഇവർ ഏതെല്ലാം ആയുധങ്ങൾ പിടിച്ചെടുത്തു;

(ഇ) കണ്ണൂരിൽ അവിഹിതമായി ശേഖരിച്ചിട്ടുള്ള ആയുധങ്ങൾ മുഴുവൻ ഇവർ പിടിച്ചെടുത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ ആയുധം ശേഖരിച്ചവരെ കണ്ടുപിടിച്ച് അവർക്കെതിരെ കേസെടുക്കുന്നുണ്ടോ;

(ജി) ഇല്ലാത്തപക്ഷം വീണ്ടും ആയുധം സംഭരിക്കുന്നതിന് ഇടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയുധം ശേഖരിച്ചവരെ കണ്ടെത്തി കേസെടുക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ഡി.ഐ.ജി. മാരടക്കം 62 പോലീസ് ആഫീസർമാരും 600 പോലീസ് കോൺസ്റ്റബിൾ/എം.എസ്.പി.ക്കാരും മൂന്ന് ബി.ഡി.സി. സംഘങ്ങൾ നാല് സ്നിഫർ ഡോഗ് സ്ക്വാഡുകൾ എന്നിവരെ കണ്ണൂരിൽ ആയുധങ്ങളും സ്ഫോടക വസ്തുക്കളും കണ്ടെത്തുന്നതിന് നിയോഗിച്ചിരുന്നു.

(ബി) 11-12-'99 മുതൽ 31-1-2000 വരെ തിരച്ചിൽ നടത്തി.

(സി) പോലീസ് സേനയിൽ നിലവിലുള്ള അംഗങ്ങളിൽനിന്നും ഇക്കാര്യത്തിനുവേണ്ടി ഒരു പ്രത്യേക സംഘം രൂപീകരിച്ച് ഇത് സംബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിക്കുകയാണുണ്ടായത്.

(ഡി) സ്റ്റീൽ ബോംബുകൾ, നാടൻ ബോംബുകൾ, കുപ്പി ബോംബുകൾ, ഡിറ്റനേഴ്സ്, വലിയ പടക്കങ്ങൾ, സ്റ്റീൽ ബോംബ് നിർമ്മാണത്തിനുവേണ്ടിയാണെന്ന് സംശയിക്കപ്പെടുന്ന പാത്രങ്ങൾ, വാൾ, മഴു, കുന്തം, ത്രിശൂലം, കഠാര, ഇരുമ്പുദണ്ഡുകൾ, കത്തി, കൊടുവാൾ, പൊട്ടാസ്യം നൈട്രേറ്റ്, ഫ്യൂസ് വയർ, ചങ്ങല, ദണ്ഡുകൾ, അലുമിനിയം പൗഡർ എന്നിവയും കൂടാതെ ബോംബുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ആണി, കുപ്പിചില്ല് ചണം, പശ തുടങ്ങിയവയും പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) തെരച്ചിൽ പ്രധാനമായും ഈ അടുത്തകാലത്ത് സംഘർഷം ഉണ്ടായ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് നടത്തിയത്. ഇവിടങ്ങളിൽ കാണപ്പെട്ട സ്ഫോടകവസ്തുക്കളും ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

(എഫ്)&(ജി)ആയുധങ്ങളും സ്ഫോടകവസ്തുക്കളും കണ്ടുപിടിച്ചതിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ 32 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൂന്നു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസെടുക്കുന്നതിനുള്ള അധികാരം അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്.

കണ്ണൂർജില്ലയിൽ തളിപ്പറമ്പ് ടൗണിലും നടുവിലും ഉണ്ടായ അക്രമസംഭവങ്ങൾ

60(801)ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഫെബ്രുവരി മൂന്ന്, നാല്, അഞ്ച് തീയതികളിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ടൗണിലും നടുവിലും ഉണ്ടായ അക്രമസംഭവങ്ങൾ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly